KERALA AGRICULTURAL UNIVERSITY
REGIONAL AGRICULTURAL RESEARCH STATION, AMBALAVAYAL
AMBALAVAYAL P O, WAYANAD, KERALA – 673593
E mail: rarsamb@kau.in, adramb@kau.in; Phone: 04936–260421, 9188224421

നമ്പർ: ഇ–6565/2025 തിയതി: 05/11/2025

## ടെൻഡർ നോട്ടിസ്

ഈ കേന്ദ്രത്തിൽ [കേരള കാർഷിക സർവകലാശാലയുടെ കീഴിൽ അമ്പലവയലിൽ പ്രവർത്തിക്കുന്ന പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം] 2025 ജനവരി 1 മുതൽ 15 വരെ നടത്തുന്ന അന്താരഷ്ട്ര പുഷ്പഫല പ്രദർശനമേള **'പൂപ്പൊലി 2026'** നോടനുബന്ധിച്ച് **'വൈൽഡ് ഹാബിറ്റാറ്റ്' ഗാർഡനിലേയ്ക്കുള്ള കടുവ, കരടി, കാട്ടുപോത്ത്, മുതിർന്ന മാനുകളും മാൻകുട്ടിയും, Python snake, എന്നിവയുടെ മാതൃക, പണിയ ആദിവാസി സ്ത്രീയുടെ മാതൃകയിലുള്ള ശിൽപ്പവും** നിർമ്മിച്ചു തരുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ടെൻഡറുകൾ ക്ഷണിക്കുന്നു.

| | |
|---|---|
| ടെൻഡർ വിവരങ്ങൾ | നമ്പർ: ഇ–6565/2025; തിയതി: /11/2025 |
| ടെൻഡർ ലഭിക്കേണ്ട അവസാന സമയം | 14/11/2025 തിയതി 11:00 മണി |
| ടെൻഡർ തുറക്കുന്ന സമയം | 14/11/2025 തിയതി 11:30 മണി |
| ടെൻഡർ ഫീ | 1180 രൂപ<br>[1000 രൂപ ടെൻഡർ ഫീയും<br>180 രൂപ ജി എസ് റ്റിയും സഹിതം] |
| നിരത ദ്രവ്യം [EMD] | 5000 രൂപ |
| ടെൻഡർ കാലാവധി | വർക്ക് ഓർഡർ തിയതി മുതൽ ഒരു വർഷം |
| ടെൻഡർ സമർപ്പിക്കേണ്ട വിലാസം | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്,<br>പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം,<br>അമ്പലവയൽ, വയനാട് – 673593 |

### നിർമ്മിക്കുന്ന മാതൃകകളുടെ വിവരണം

| ക്രമ നം | നിർമ്മിക്കേണ്ട മാതൃക | വിവരണം |
|---|---|---|
| 1 | South Indian tiger | Large, life size (Approx.Length: 2.5 m; Height: 1.2 m), original colour, Realistic sculpture depicting an adult Bengal tiger in alert posture, Weather-resistant, Must resemble native South Indian tiger (Bengal sub-species); safe for outdoor display |
| 2 | Indian Bear | Large, life size (Approx. Height: 1.1 m; Length: 1.6 m), Sculpture representing native Indian sloth bear, sitting or walking pose. Textured black matte finish, realistic facial detailing. Should convey natural, calm forest behaviour. |
| 3 | Indian Bison | Large, life size (Approx. Height: 1.6 m; Length: 2.4 m), Strong and majestic bison sculpture in semi-standing pose. Brown-black matte body tone; polished horn finish. Should resemble *Bos gaurus* native to Western Ghats. |
| 4 | Two adult deer and one fawn | life size, Life-size spotted deer with antlers in grazing posture. Adult male- Height: 1.2 m; Length: 1.5 m. Adult female- 1.1 m; Length: 1.4 m. Fawn- Height: 0.7 m; Length: 0.9 m. Realistic paint, semi-gloss finish. camouflaged with grass. Species: *Axis axis* (Chital) native to |

| | | |
|---|---|---|
| | | South India |
| 5 | Python Snake | Large, life size (Length: 3.5 m), Curled snake model to represent a resting python coiled on tree trunk. Natural python skin pattern (brown-beige tones). Must blend naturally with surrounding tree trunks/foliage |
| 6 | 'Paniya' lady idol | Double size of human, Double life-sized sculpture of a *Paniya* tribal woman in traditional attire. Height: 3.0 m; Width: 1.2 m. Depict traditional attire and ornaments authentically; interpretive information board to be installed nearby |

- മഴയുള്ള സാഹചര്യങ്ങളിൽ ദീർഘകാല ഈടും സ്ഥിരതയും ഉറപ്പാക്കാൻ, എല്ലാ നിർമ്മിതികളും സ്റ്റീൽ മെഷ്, സിമന്റ് പ്ലാസ്റ്റർ, കാലാവസ്ഥയെ പ്രതിരോധിക്കുന്ന പെയിന്റ് എന്നിവയുള്ള സ്റ്റീൽ/ ജി എൽ ഫ്രെയിമുകൾ ഉപയോഗിക്കേണ്ടതാണ്.
- എല്ലാ ശിൽപ്പങ്ങളും കാലാവസ്ഥയെ പ്രതിരോധിക്കുന്നതും, കുറഞ്ഞത് 10 വർഷമെങ്കിലും ഈടുനിൽക്കുന്നതും, പൊതുജനങ്ങൾക്ക് സുരക്ഷിതവുമായിരിക്കണം
- മാതൃകകൾ നാശത്തെ പ്രതിരോധിക്കുന്നതും, ഉയർന്ന മഴയുള്ള സാഹചര്യങ്ങളിൽ പുറത്ത് ഉപയോഗിക്കുന്നതിന് അനുയോജ്യവുമായിരിക്കണം.
- ജോലി പൂർത്തീകരണ കാലയളവ് വർക്ക് ഓർഡർ തീയതി മുതൽ 40 ദിവസം ആയിരിക്കും
- മാതൃകകൾ നിർമ്മിച്ച് നിർദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥാപിച്ച് തരുന്നതിനുള്ള മൊത്തം പണിക്കൂലിയാണ് ടെൻഡറിൽ കാണിക്കേണ്ടത്.

<u>വ്യവസ്ഥകളും നിർദേശങ്ങളും</u>

1 കേരള കാർഷിക സർവകലാശാലാ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത ടെൻഡർ ഫോമാണ് ഉപയോഗിക്കേണ്ടത് [വെബ്സൈറ്റ് വിലാസം: http://www.kau.in/tenders]. ടി ഫോമിലെ 1, 2, 10 എന്നീ പേജുകൾ കൃത്യമായും പൂർണമായും പൂരിപ്പിക്കേണ്ടതാണ്.

2 ടെൻഡർ ഫോം അടങ്ങുന്ന സീൽ ചെയ്ത കവറിനു പുറത്ത് '**'വൈൽഡ് ഹാബിറ്റാറ്റ് ഗാർഡനിലെയ്ക്കുള്ള മാതൃകകളും, പണിയ ആദിവാസി സ്ത്രീ യുടെ മാതൃകയിലുള്ള ശിൽപ്പവും നിർമ്മിച്ച് തരുന്നതിനുള്ള ടെൻഡർ'** എന്നും, ടെൻഡർ സമർപ്പിക്കേണ്ട വിലാസവും, അപേക്ഷകന്റെ ഫോൺ നമ്പർ സഹിതമുള്ള വിലാസവും രേഖപ്പെടുത്തേണ്ടതാണ്.

4 ടെൻഡർ ഫീ [1000 രൂപാ], അതിന്മേലുള്ള ജി എസ് റ്റി [180 രൂപാ], നിരത ദ്രവ്യം [5000 രൂപാ] എന്നിവ പണമായോ ASSOCIATE DIRECTOR, R A R S, AMBALAVAYAL എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൊളഗപ്പാറ ശാഖയിൽ മാറാവുന്ന മൂന്നു വ്യത്യസ്ത ഡിമാൻഡ് ഡ്രാഫ്റ്റുകളായോ അടവാക്കേണ്ടതാണ്. ടി ഡിമാൻഡ് ഡ്രാഫ്റ്റുകളുടെ അസൽ, ടെൻഡർ ഫോം സമർപ്പിക്കുന്ന സമയത്ത് ഈ ഓഫിസിൽ ഹാജരാക്കേണ്ടതുമാണ്.

5 ഖണ്ഡിക [1] വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ [Format of agreement to be submitted along with the tender] 200 രൂപാ മൂല്യമുള്ള കേരള മുദ്രപത്രത്തിൽ കരാർ ചമക്കേണ്ടതും ആയത് ടെൻഡർ ഫോമിനൊപ്പം ഹാജരാക്കേണ്ടതുമാണ് [Purchasing Officer: The Associate Director of Research, Regional Agricultural Research Station, Ambalavayal, Wayanad– 673593]. ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ തിരിച്ചറിയൽ രേഖ [ആധാറിനു മുൻഗണന], ബാങ്ക് അക്കൗണ്ട് എന്നിവയുടെ പകർപ്പുകൾ ടെൻഡർ ഫോമിനൊപ്പം സമർപ്പിക്കേണ്ടതാണ്. ടെൻഡർ ഫീ, നിരത ദ്രവ്യം, കരാർ പത്രം എന്നിവയും, നിർദേശിച്ചിട്ടുള്ള മറ്റു രേഖകളും സമർപ്പിക്കാത്ത ടെൻഡറുകൾ പരിഗണിക്കുന്നതല്ല.

6 ടെൻഡറുകൾ ഈ ഓഫിസിൽ നേരിട്ടോ മേൽ സൂചിപ്പിച്ച വിലാസത്തിൽ തപാലിലോ സമർപ്പിക്കാവുന്നതാണ്. തപാലിൽ അയക്കുന്ന ടെൻഡറുകൾ നിശ്ചിത സമയത്തിനു മുൻപേ ഈ ഓഫിസിൽ ലഭിച്ചിരിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു മുൻപായി

ലഭിക്കാത്തതോ, ഏതെങ്കിലും തരത്തിൽ അപൂർണമോ അവ്യക്തമോ ആയ ടെൻഡറുകളും പരിഗണിക്കുന്നതല്ല.

7 ടെൻഡർ സമർപ്പിക്കുന്ന വ്യക്തിക്കോ/സ്ഥാപനത്തിനോ അല്ലെങ്കിൽ ടിയാൾ രേഖാമൂലം ചുമതലപ്പെടുത്തുന്ന ആൾക്കോ ടെൻഡർ നടപടികളിൽ പങ്കെടുക്കാവുന്നതാണ്. അപ്രകാരം പ്രതിനിധീകരിക്കുന്നവർ മതിയായ തിരിച്ചറിയൽ രേഖകൾ ഹാജരാക്കേണ്ടതും, ടിയാളുടെ നടപടികളിൽ ടെൻഡർ അപേക്ഷകർ ഉത്തരവാദികളാകുന്നതുമാണ്.

8 ടെൻഡർ ഉറപ്പിക്കുന്നതിനായി **14/11/2025** തിയതിയിൽ ആദ്യ ഘട്ടമായി പകൽ 11:30 മണിക്കു പരസ്യ ലേലം നടത്തുന്നതും, തുടർന്ന് ടെൻഡറുകൾ തുറക്കുന്നതും, അതിനു ശേഷം രഹസ്യ ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. ഈ മൂന്നു ഘട്ടങ്ങളിലുമായി ഏറ്റവും കുറഞ്ഞ നിരക്ക് വാഗ്ദാനം ചെയ്യുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് മറ്റു നിബന്ധനകൾക്കു വിധേയമായി ടെൻഡർ ഉറപ്പിച്ചു നൽകുന്നതാണ്. ഒരു തവണ ടെൻഡർ ഫീയും നിരത ദ്രവ്യവും അടക്കുന്നവർക്ക് മൂന്നു ഘട്ടങ്ങളിലും പങ്കെടുക്കാവുന്നതാണ്.

9 ഖണ്ഡിക [8] പ്രകാരം ടെൻഡർ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി/സ്ഥാപനം ഉറപ്പിച്ച തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി അടവാക്കേണ്ടതാണ്. ടി തുക പണമായോ ASSOCIATE DIRECTOR, R A R S, AMBALAVAYAL എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൊളഗപ്പാറ ശാഖയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായോ, ടേം ഡെപ്പോസിറ്റ് രശീതി, ബാങ്ക് ഗാരന്റി എന്നിവയായോ അടവാക്കാവുന്നതാണ്. ബാങ്ക് ഗാരന്റി രേഖ ഖണ്ഡിക [1] വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ [Format of bank guarantee for furnishing security deposit] തയാറാക്കേണ്ടതാണ്. ടി വ്യക്തി/സ്ഥാപനം, വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിൽ [Format of agreement to be submitted at the time of supply of items] 200 രൂപാ മൂല്യമുള്ള കേരള മുദ്രപത്രത്തിൽ കരാർ ചമക്കേണ്ടതാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റ്, കരാർ പത്രം എന്നിവയുടെ അസലും, പാൻ കാർഡ്, ജി എസ് റ്റി രജിസ്ട്രേഷൻ കാർഡ് എന്നിവയുടെ പകർപ്പുകളും, ടെൻഡർ തുറന്ന തിയതി മുതൽ ഒരാഴ്ചക്കകം ഈ ഓഫിസിൽ ഹാജരാക്കേണ്ടതുമാണ്.

10 ഈ കേന്ദ്രത്തിൽ നിന്നും നിർദേശിക്കുന്ന ജോലികൾ സമയ ബന്ധിതമായും കാര്യക്ഷമമായും നിർവഹിക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഓഫിസ് പ്രവൃത്തി സമയത്തിനു മുൻപും ശേഷവും ഖണ്ഡിക [2] പ്രകാരമുള്ള നിരക്കിൽ ജോലി ചെയ്യേണ്ടതാണ്.

11 ഏതെങ്കിലും കാരണത്താൽ ഏതെങ്കിലും ടെൻഡറുകൾ തള്ളിക്കളയുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം ഈ കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്. അത്തരം കാര്യങ്ങളിലുള്ള കേന്ദ്രം മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

12 ടെൻഡറുകളുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെയും, കേരള കാർഷിക സർവകലാശാലയുടെയും എല്ലാ നിയമങ്ങളും നിബന്ധനകളും നിർദേശങ്ങളും ഉത്തരവുകളും വ്യവസ്ഥകളും ഈ ടെൻഡറിനും ബാധകമാണ്.

19 ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം ടെൻഡർ തുറക്കാൻ കഴിയാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തു തന്നെ ടെൻഡർ തുറക്കുന്നതാണ്.

20 ഈ ടെൻഡറുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ആവശ്യമാണെങ്കിൽ ഓഫിസ് സമയത്തു നേരിട്ടോ **04936 – 260421/260561, 9188224421** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്

(ഒപ്പ്)

ഡോ. സുദർശന റാവു ജി.വി

അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

സ്വീകർത്താക്കൾ:

ഡയറക്ടർ ഓഫ് ഇൻഫർമേഷൻ സിസ്റ്റംസ്, കേരള കാർഷിക സർവകലാശാല
[കെ എ യു വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി]
നോട്ടിസ് ബോർഡ് [ആർ എ ആർ എസ്, ഫാം ഓഫിസ്, കെ വി കെ, അമ്പലവയൽ പഞ്ചായത്ത് ഓഫിസ്, അമ്പലവയൽ വില്ലേജ് ഓഫിസ്, അമ്പലവയൽ കൃഷി ഭവൻ]
ഫാം സൂപ്രണ്ട്/ഫാം ഇൻ ചാർജ്/ഫയൽ

//ഉത്തരവിൻ പ്രകാരം//

സെക്ഷൻ ഓഫീസർ